# ‘ലാ ഇലാഹ ഇല്ലല്ലാഹ്’

عن أبي ذَرٍّ رَضِيَ اللَّهُ عَنْهُ قَالَ قَالَ رَسُولُ اللَّه ﷺ مَا مِنْ عَبْدٍ قَالَ
لَا إِلَهَ إِلَّا اللَّهُ ثُمَّ مَاتَ عَلَى ذَلِكَ إِلَّا دَخَلَ الْجَنَّةَ (مسلم)

عَنْ سُفْيَانَ الثَّقَفِيِّ رَضِيَ اللَّهُ عَنْهُ قَالَ قُلْتُ يَا رَسُولَ اللَّه قُلْ لِي فِي الْإِسْلَامِ قَوْلًا
لَا أَسْأَلُ عَنْهُ أَحَدًا بَعْدَكَ قَالَ قُلْ آمَنْتُ بِاللَّهِ ثُمَّ اسْتَقِمْ (مسلم)

مَنْ قَالَ لاَ إله الاَّ الله مخلصا دخل الجَنَّة. قِيل ومَا اخلاصها؟ قال ان تحجزه
عن محارم الله (طبراني)

**അബൂദർറി(റ)ൽനിന്നു നിവേദനം: തിരുനബി (സ) അരുളി ലാ ഇലാഹ ഇല്ലല്ലാഹ് (അല്ലാഹുവല്ലാതെ ദൈവമില്ല) എന്നു പ്രഖ്യാപിക്കുകയും പിന്നെ ആ നിലപാടിൽതന്നെ മരണമടയുകയും ചെയ്ത യാതൊരു ദാസനും സ്വർഗത്തിൽ പ്രവേശിക്കാതെയില്ല.**

**സുഫ്‌യാനുസ്സഖഫി(റ)യിൽനിന്നു നിവേദനം: ‘ഞാൻ പറഞ്ഞു: ദൈവദൂതരേ, അങ്ങേക്കുശേഷം ഞാൻ മറ്റാരോടും ചോദിക്കേണ്ടതില്ലാത്ത (അത്രയും സ്പഷ്ടമായ) ഒരു വചനം ഇസ്‌ലാമിനെക്കുറിച്ച് എനിക്ക് പറഞ്ഞുതന്നാലും!’ അവിടുന്നരുളി: ‘ഞാൻ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു എന്ന് നീ പ്രഖ്യാപിക്കുക. പിന്നെ തദനുസാരം നിലകൊള്ളുകയും ചെയ്യുക.’**

**നിഷ്കളങ്കമായി *‘ലാ ഇലാഹ ഇല്ലല്ലാഹ്’* എന്നു പറഞ്ഞവൻ സ്വർഗത്തിൽ കടന്നിരിക്കുന്നു. ഒരാൾ ചോദിച്ചു: ‘എന്താണതിലെ നിഷ്കളങ്കത?’ നബി (സ) പറഞ്ഞു: ‘ആ വചനം അവനെ അല്ലാഹു വിരോധിച്ചതിൽനിന്ന് തടഞ്ഞുനിർത്തുക.’**

ദീനുൽ ഇസ്‌ലാമിന്റെ അടിസ്ഥാനപ്രമാണത്തെ പരാമർശിക്കുന്ന തിരുമൊഴികളാണിവ. ‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്ന തത്ത്വത്തിന്റെ അർഥവൈപുല്യത്തിലേക്കും മഹത്വത്തിലേക്കും വെളിച്ചം വീശുന്നു ഈ ഹദീസുകൾ. ദൗർഭാഗ്യവശാൽ, ചിന്താശൂന്യരായ ആളുകൾ ഈ വചനങ്ങളെ തെറ്റിദ്ധരിക്കുകയും അവയുടെ ആശയത്തെ തീരെ സങ്കുചിതമായി ഗ്രഹിക്കുകയും ചെയ്തതായി കാണുന്നു. മുകളിൽ ഉദ്ധരിച്ച വചനങ്ങളുടെ സംക്ഷിപ്ത രൂപം من قال لا اله الا الله دخل الجنة (ലാ ഇലാഹ ഇല്ലല്ലാഹ് എന്നുപറഞ്ഞവൻ സ്വർഗസ്ഥനായി) എന്നും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ നിവേദനങ്ങളെയെല്ലാം ബാഹ്യാർഥത്തിൽ മാത്രം ഗ്രഹിച്ച് ‘ലാ ഇലാഹ ഇല്ലല്ലാഹ്’ എന്നുരുവിട്ടാൽ പിന്നെ എങ്ങനെ ജീവിച്ചാലും സ്വർഗപ്രാപ്തി ഉറപ്പാണെന്ന് വ്യാമോഹിക്കുകയാണ് അവർ.

പ്രമാണ വചനങ്ങളുടെ, അല്ലെങ്കിൽ അടിസ്ഥാന തത്ത്വങ്ങളുടെ സ്വഭാവത്തെ സംബന്ധിച്ച ധാരണയില്ലായ്മയാണ് ഈ തെറ്റുധാരണക്കാധാരം. അടിസ്ഥാന പ്രമാണമായി പറയപ്പെടുന്ന വാക്യത്തിന്റെ ആശയം ഒരിക്കലും അതിന്റെ അക്ഷരാർഥത്തിൽ ഒതുങ്ങുന്നതല്ല. ബാഹ്യാർഥത്തിൽ മാത്രം ഗ്രഹിക്കപ്പെടാനല്ല അത്തരം വാക്യങ്ങൾ പറയുന്നതും. വിശാലമായി പടർന്നുപന്തലിച്ച അർഥങ്ങളുടെയും ആശയങ്ങളുടെയും മുരടാണ് ഒരു പ്രമാണവാക്യം.

ഒരു ഉദാഹരണത്തിലൂടെ ഇത് ഒന്നുകൂടി വിശദമാക്കാം. ‘എ’ എന്ന വ്യക്തിയെ രാജാവായി പ്രഖ്യാപിച്ചാൽ നമ്മുടെ രാജ്യത്തിന്റെ പ്രശ്നങ്ങൾ തീരുമെന്നൊരാൾ പറയുന്നുവെന്നു വെക്കുക. ‘എ’ നമ്മുടെ രാജാവാണ് എന്ന് നാവുകൊണ്ട് പറയുന്നതുകൊണ്ടു മാത്രം രാജ്യം ക്ഷേമസമ്പൂർണമാകുമെന്നാണ് ആ പറഞ്ഞതിനർഥമെന്ന് ആരും ധരിക്കാറില്ലല്ലോ. ‘എ’ക്ക് അധികാരമുണ്ട്. രാജ്യം ‘എ’യുടേതാണ്. നാം ‘എ’യുടെ പ്രജകളാണ്. നാം ‘എ’യെ അനുസരിക്കണം. അനുസരിച്ചില്ലെങ്കിൽ ‘എ’ നമ്മെ ശിക്ഷിക്കും. ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ ആ പ്രഖ്യാപനത്തിന്റെ അർഥത്തിൽ പെടുന്നു. ഈ സംഗതികളൊന്നും ദീക്ഷിക്കാതെയാണ് ‘എ’യെ നിങ്ങളുടെ രാജാവായി പ്രഖ്യാപിക്കുന്നതെങ്കിൽ, ആ പ്രഖ്യാപനം തികച്ചും അർഥശൂന്യമായിരിക്കുമെന്ന് വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഏതാണ്ടിതുപോലെത്തന്നെയാണ് ലാ ഇലാഹ ഇല്ലല്ലാഹ് എന്ന പ്രഖ്യാപനവും.

ദീനുൽഇസ്‌ലാമിന്റെ അടിസ്ഥാന സിദ്ധാന്തമാകുന്നു ‘ലാ ഇലാഹ ഇല്ലല്ലാഹ്.’ ഈ സിദ്ധാന്തത്തിൽനിന്നാണ് ഇസ്‌ലാമിന്റെ മറ്റെല്ലാ തത്ത്വങ്ങളും ഉടലെടുക്കുന്നത്.

സൃഷ്ടിക്കുകയും സംരക്ഷിക്കുകയും സംഹരിക്കുകയും ചെയ്യുന്ന ശക്തിയാണല്ലോ ദൈവം. അത് ഏകനായ അല്ലാഹു മാത്രമാണെങ്കിൽ സൃഷ്ടികൾ അനുസരിക്കുകയും ആരാധിക്കുകയും സ്നേഹിക്കുകയും ഭയപ്പെടുകയും ചെയ്യേണ്ടത് അവനെയാണെന്നു വരുന്നു. അതായത്, അല്ലാഹു മാത്രമേ ദൈവമുള്ളൂ എന്ന തത്ത്വത്തിന്റെ മറുവശമാണ്, അല്ലാഹുവിനു മാത്രമേ സൃഷ്ടികൾ ഇബാ

ദത്ത് ചെയ്യാവൂ എന്നത്. അല്ലാഹുവിന് ഇബാദത്ത് ചെയ്യണമെങ്കിൽ ഇബാദത്ത് ചെയ്യേണ്ടതെങ്ങനെയാണെന്ന് മനുഷ്യൻ അറിയണം. ഇത് ദൈവികസന്ദേശങ്ങൾ മനുഷ്യരിലെത്തിക്കാനുള്ള സംവിധാനത്തെ അനിവാര്യമാക്കുന്നു. അതാണ് പ്രവാചകനിലും ഗ്രന്ഥങ്ങളിലുമുള്ള വിശ്വാസം. അല്ലാഹുവിന് ഇബാദത്ത് ചെയ്യേണ്ടത് മനുഷ്യന്റെ നിർബന്ധ ധർമമാണെങ്കിൽ, ആ ധർമം അനുഷ്ഠിച്ചവർക്ക് അവരർഹിക്കുന്ന നേട്ടവും അനുഷ്ഠിക്കാത്തവർക്ക് അവരർഹിക്കുന്ന കോട്ടവും ലഭിക്കേണ്ടതാണല്ലോ. ഇത് പരലോകത്തെയും സ്വർഗനരകങ്ങളെയും അനിവാര്യമാക്കുന്നു. ഈവിധം ഇസ്‌ലാമിലെ ഏതു തത്ത്വമെടുത്തു നോക്കിയാലും അത് 'ലാ ഇലാഹ ഇല്ലല്ലാ'യുടെ വിശാലമായ താൽപര്യങ്ങളിലും അനിവാര്യതകളിലും പെട്ടതാണെന്നു കാണാം.

അപ്പോൾ, ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറയുകയോ വിശ്വസിക്കുകയോ ചെയ്യുകയെന്നു പറഞ്ഞാൽ അല്ലാഹുവല്ലാതെ ദൈവമില്ലെന്നു പറയുകയെന്നോ വിശ്വസിക്കുകയെന്നോ മാത്രമല്ല അർഥം; പ്രത്യുത ഇസ്‌ലാമിന്റെ മുഴുവൻ തത്ത്വങ്ങളെയും വിശ്വസിക്കുകയും കൈക്കൊള്ളുകയും ചെയ്യുക എന്നാണ്.

ഇസ്‌ലാമികതത്ത്വങ്ങൾ വിശ്വസിക്കുകയോ പറയുകയോ മാത്രം ചെയ്തതുകൊണ്ടും മതിയാകുന്നില്ല. ആ വിശ്വാസത്തിനനുസൃതമായി ജീവിക്കുകകൂടി വേണം. വാക്കിനും വിശ്വാസത്തിനുമനുസൃതമായി ജീവിതത്തെ ചിട്ടപ്പെടുത്തുകയെന്നത് സത്യസന്ധമായ വിശ്വാസത്തിന്റെയും വാക്കിന്റെയും ഭാഗം തന്നെയാണ്. അതിനാൽ, 'പറയുക' എന്നു കൽപിച്ചേടത്ത് തദനുസാരമായ ജീവിതം പരാമർശിച്ചിട്ടില്ലെങ്കിലും ആ അർഥത്തെ അതുൾക്കൊള്ളുന്നുണ്ട്. എന്നാൽ ഉദ്ധൃതമായ രണ്ടു ഹദീസുകളും 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നു പറയുന്നതോടൊപ്പം അതിനനുഗുണമായി ജീവിക്കണമെന്ന നിർദേശവും ഉൾക്കൊള്ളുന്നു. ഒന്നാമത്തെ ഹദീസിലെ 'ആ നിലപാടിൽ മരണപ്പെടുകയും ചെയ്താൽ' എന്ന വാക്യവും രണ്ടാമത്തേതിലെ 'പിന്നീട് തദനുസാരം നിലകൊള്ളുക' എന്ന വാക്യവും അതാണ് സൂചിപ്പിക്കുന്നത്. മൂന്നാമത്തെ ഹദീസ് ആ നിലകൊള്ളൽ എങ്ങനെയാണെന്ന് വ്യക്തമാക്കിയിരിക്കുന്നു.

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നുരുവിട്ടുകൊണ്ട് മരണപ്പെട്ടാൽ സ്വർഗം ഉറപ്പായി എന്നാണ് ഒന്നാമത്തെ തിരുവചനത്തിന്റെ താൽപര്യമെന്ന് ഒരു വ്യാഖ്യാനമുണ്ട്. മരണാസന്നവേളയിൽ കലിമതുത്തൗഹീദ് സ്മരിക്കുന്നതും ഉച്ചരിക്കുന്നതും മഹത്തായ പുണ്യം തന്നെയാണ്. പക്ഷേ, ജീവിതം മുഴുവൻ മനഃപൂർവം, 'ലാ ഇലാഹ ഇല്ലല്ലാഹി'ന് എതിരായി പ്രവർത്തിച്ചിട്ട് അന്ത്യനിമിഷത്തിൽ അബോധത്തിലോ അർധബോധത്തിലോ ആ വചനം ഉച്ചരിച്ചു ചുളുവിൽ സ്വർഗം നേടാമെന്നു വ്യാമോഹിക്കേണ്ടതില്ല. ജീവിതകാലം മുഴുവൻ അവിശ്വാസത്തിലും അധർമത്തിലും വിഹരിച്ചവർ അവസാനനിമിഷത്തിൽ മാത്രം 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നു പറഞ്ഞാൽ അത് ഫറവോന്റെ ഈമാനാണ്. അത്തരം വിശ്വാസത്തെ അല്ലാഹു സ്വീകരിക്കുകയില്ല. എന്നാൽ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ മാത്രം 'ലാ ഇലാഹ ഇല്ലല്ലാഹ്' ഉൾക്കൊള്ളാനും വിശ്വസിക്കാനും സംഗതിയാവുകയും അതിന്റെ താൽപര്യങ്ങളനുസരിച്ച് പ്രവർത്തിക്കാൻ അവസരം ലഭിക്കുന്നതിനു മുമ്പ് മരണപ്പെടുകയും ചെയ്യുന്നവരെ സംബന്ധിച്ചേടത്തോളം ആ വചനം ഉരുവിടുന്നതിലൂടെ പരലോകരക്ഷ പ്രതീക്ഷിക്കാവുന്നതാകുന്നു.